## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1455** 03-12-2018 -ൽ മറുപടിക്ക്

## ബാലുശ്ശേരി മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി റവന്യൂവകുപ്പ് ബാലുശ്ശേരി മണ്ഡലത്തിലെ എത്ര റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത റോഡുകളുടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | എ) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യാറില്ല. |
| ബി) | മൺ റോഡുകൾ നവീകരിക്കുന്നതിനായി വെള്ളപ്പൊക്ക ദുരന്ത നിവാരണ ഫണ്ടുകൾ ഉപയോഗിക്കുന്നതിനുള്ള നിബന്ധനകളിൽ മാറ്റം വരുത്താൻ നിർദ്ദേശം നൽകാമോ? | ബി) | കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ താത്കാലിക പുനരുദ്ധാരണം മാത്രമാണ് അനുവദനീയമായിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിലെ വ്യവസ്ഥകളാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗവുമായി ബന്ധപ്പെട്ടും അനുവദനീയമായിട്ടുള്ളത്. അത് പ്രകാരം പ്രകൃതി ദുരന്തത്തിൽ തകരുന്ന മൺറോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിൽ 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) മാത്രമാണ് ഒരു കി.മീറ്റർ റോഡിന് അനുവദനീയമായിട്ടുള്ളത്. പ്രസ്തുത മാനദണ്ഡപ്രകാരം മൺറോഡുകളിൽ പുതിയ ടാറിംഗ് പ്രവൃത്തിപോലുള്ള പ്രവൃത്തികൾ അനുവദനീയമല്ല. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ഓഫീസർ